തദ്ദേശ സ്വയംഭരണ വകുപ്പ്(പ്ലാനിംഗ്)
കോഴിക്കോട് ജില്ലാ നഗരാസൂത്രകയുടെ നടപടി ക്രമം
(ഹാജർ ഐഷ പി എ , നഗരാസൂത്രക

വിഷയം :- ഉള്ള്യേരി ഗ്രാമപഞ്ചായത്ത് വാർഡ് നം 7 ൽ , ഉള്ള്യേരി വില്ലേജ് , റിസ നമ്പർ 212/2A,211/2(212/41,211/43 ൽ വരുന്ന സ്ഥലത്ത് ഫ്യൂൽ ഫില്ലിംഗ് സ്റ്റേഷൻ കെട്ടിടത്തിന്റെ ലേഔട്ട് അനുമതിക്കായി ശ്രീ. കുട്ടി മമ്മി എന്നവരുടെ അപേക്ഷയിൽ യൂസേജ് ഓഫ് പ്ലോട്ട് & ലേഔട്ട് അംഗീകാരം നല്കി ഉത്തരവാകുന്നു.

പരാമർശം:- ശ്രീ. കുട്ടി മമ്മി എന്നവരുടെ 21/2/2022 എന്നീ തിയ്യതിയിലെ അപേക്ഷ

ഉത്തരവ് നമ്പർ TCPKZD/144/2022/C1 **തീയതി 08/04/2022**

ഉള്ള്യേരി ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 7 ൽ , ഉള്ള്യേരി വില്ലേജ് , റിസ നമ്പർ 212/2A,211/2(212/41,211/43 ൽ വരുന്ന 0.102 ഹെക്ടർ സ്ഥലത്ത്(മൊത്തം 0.36 ഹെക്ടർ) 172.90 ച . മി ബിൽറ്റ് അപ്പ് ഏരിയ വരുന്ന ഫ്യൂൽ ഫില്ലിംഗ് സ്റ്റേഷൻ നിർമിക്കുന്നതിന്(എഫ്.എസ്.ഐ-0.035, കവറേജ്-3.5%) ശ്രീ. കുട്ടി മമ്മി എന്നവരുടെ അപേക്ഷയിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി കെ.പി.ബി.ആർ 2019 പ്രകാരം യൂസേജ് ഓഫ് പ്ലോട്ട് & ലേഔട്ട് അംഗീകാരം നല്കി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർമാണം KPBR2019 നും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം , വിസ്തീർണം, അതിരുകൾ, കേരള നെൽവയൽ തണ്ണീർ തട ആക്ട് ബാധകമാവുമെങ്കിൽ ആയതു പ്രകാരം സ്ഥലത്തിന്റെ തരം , എന്നിവയുടെ ആധികാരികത പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ് .
3. ചട്ടം 5 (4) Table പ്രകാരം ലഭ്യമാക്കേണ്ട എല്ലാ അനുമതികളും ലഭിച്ച എന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4. നിർദ്ദിഷ്ട ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷനിൽ നിന്നും പുറത്തേക്കു വരുന്ന വാഹനങ്ങൾ റോഡിലെ വാഹന ഗതാതത്തെ ബാധിക്കാതിരിക്കാനായി ആവശ്യമായ മുൻ കരുതലുകൾ എടുക്കേണ്ടതാണ്.
5. നിർദിഷ്ട സ്ഥലത്ത് നിന്നും ഉണ്ടാകുന്ന മാലിന്യങ്ങൾ പ്രസ്തുത സ്ഥലത്ത് തന്നെ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും തെക്കു ഭാഗത്തുള്ള നീർച്ചാൽ മലിനമാകുന്ന പ്രവൃത്തികൾ നിർമ്മാണം നടക്കുന്ന സമയത്തോ, അതിനു ശേഷമോ ഉണ്ടാകുവാൻ പാടില്ലാത്തതുമാണ്.

അംഗീകരിച്ച പ്ലാനിന്റെ ഒരു കോപ്പി **റ്റിപി/എൽഎ/25/2022** നമ്പരായി ചേർത്ത് ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

നോട്ട്:- *ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കാനുള്ള അനുമതി അല്ല:അതിനായി ലേഔട്ട് അംഗീകാരം ലഭിച്ച പ്ലാനുകൾ സഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽഅപേക്ഷ നൽകേണ്ടതാണ് .*

ശ്രീ.പി പി കുട്ടി മമ്മി
പാടിച്ചി പറമ്പത്ത്
കുനിയിൽ

Signature valid
Digitally signed by ISHA P A
Date: 2022.04.1[illegible] 11:15:16 IST
Reason: Approved
Location: BALUSSERY

ഐഷ പി എ
നഗരാസൂത്രക
കോഴിക്കോട്

File No.TCPKZD/144/2022-C1

പകർപ്പ് :- 1) സെക്രട്ടറി,ഉള്ള്യേരി ഗ്രാമപഞ്ചായത്ത്
2) വെബ്സൈറ്റ് 3) കരുതൽ

കേരള സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) തദ്ദേശവകുപ്പ്
കോഴിക്കോട്
പിൻ: 673 005
ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം